LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : പല നിയമങ്ങളും നമുക്ക് ഒരുപാട് പരിധി നിശ്ചയിക്കുന്നതാണ്. എച്ച്.ആർ ആന്റ് സി.ഇ. ആക്റ്റിൽ ചില അവകാശങ്ങൾ ട്രസ്റ്റിമാർക്കുണ്ട്. ട്രസ്റ്റിമാർ എങ്ങനെ കൊണ്ടുപോകുന്നു എന്നതിനെ ആശ്രയിച്ചായിരിക്കും ക്ഷേത്രങ്ങളിലെ ചുറ്റുപാടുകൾ. ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ പറഞ്ഞതുപോലെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ക്ഷേത്രജീവനക്കാരുടെ സംഘടനകൾ ഇന്നു സമരം നടത്തുന്നുണ്ട്. നേരത്തെ ശ്രീ. ടി.വി. ചന്ദ്രമോഹൻ, എം.എൽ.എ. തുടങ്ങിയവർ നേതൃത്വം നല്കുന്ന സംഘടനകൾ നൽകിയ നിവേദനങ്ങളും സർക്കാരിന് ലഭിച്ചിട്ടുണ്ട്. വളരെ താമസിയാതെ തന്നെ ജീവനക്കാരുടെ പ്രതിനിധികളുമായി ഈ വിഷയത്തെ കുറിച്ച് ചർച്ച നടത്തുന്നതാണ്.

(2) ഐ.ടി.ഐ.-കളും ഐ.ടി.സി.-കളും നവീകരിക്കേണ്ടതിന്റേയും പുതിയ കോഴ്സുകൾ ആരംഭിക്കേണ്ടതിന്റേയും ആവശ്യകത

ശ്രീ. ഷിബു ബേബിജോൺ : സർ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതുവഴി തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാം എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഞാൻ ഈ വിഷയത്തിലേക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. ഇതിൽ എംപ്ലോയ്മെന്റും ട്രെയിനിംഗും തൊഴിൽ വകുപ്പ് മന്ത്രിയുടെ അധികാര പരിധിയിൽ ആയതുകൊണ്ട് അദ്ദേഹത്തിനാണ് നോട്ടീസ് കൊടുത്തത് എന്നാൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രികൂടി ഇതിൽ ശ്രദ്ധപതിപ്പിച്ചെങ്കിൽ മാത്രമേ ഇത് ഫലപ്രദമാവുകയുള്ളു. തൊഴിലില്ലായ്മ അതിരുക്ഷമായി നിലനില്ക്കുകയാണ്, അതിന് പരിഹാരം കാണണമെന്ന കാര്യത്തെക്കുറിച്ച് ആർക്കും അഭിപ്രായവ്യത്യാസമില്ല. ഇതുവരെ നാം തൊഴിലില്ലായ്മയ്ക്ക് പരിഹാരം കണ്ടുകൊണ്ടിരുന്നത്, തൊഴിലില്ലാത്തവരെ തെരുവിലിറക്കി മുദ്രാവാക്യം വിളിപ്പിച്ച് അവർക്ക് തൊഴിൽ നൽകുക എന്ന സമ്പ്രദായത്തിലായിരുന്നു. അത് മാറിയിട്ട് 1950-ൽ ആദ്യമായിട്ട് തൊഴിലന്വേഷകർക്ക് ഇന്ത്യയിൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് നൽകിയത് കേരളമാണെങ്കിൽ ഇന്ന് ആ മേഖലയിൽ അയൽ സംസ്ഥാനങ്ങളേക്കാൾ പിന്നിലാണ് കേരളം. ആന്ധ്ര ഒന്നാംസ്ഥാനത്ത്. തമിഴ്നാട് രണ്ടാംസ്ഥാനത്ത്, കേരളം മൂന്നാംസ്ഥാനത്ത് എന്നിങ്ങനെയാണ്. സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങൾ നോക്കിയാൽ കേരളം പിന്തള്ളപ്പെട്ടിരിക്കുകയാണ്. ഇന്ന് നമ്മുടെ സ്കിൽഡ് ലേബറിന്റെ സ്ഥിതി പരിശോധിച്ചാൽ, ഗൾഫ് രാജ്യങ്ങളിൽ നിന്ന് അടുത്ത കാലത്ത് വന്ന റിപ്പോർട്ട് പ്രകാരം പണ്ട് 10 പേർ ഒരു ഇന്റർവ്യൂവിന് പോവുകയാണെങ്കിൽ മലയാളികൾ 8 പേർ ക്വാളിഫൈ ചെയ്യുമായിരുന്നു. എന്നാൽ ഇന്ന് 10 പേർ പോയിക്കഴിഞ്ഞാൽ രണ്ട് പേർ പോലും ക്വാളിഫൈചെയ്യാത്ത ഒരു സ്ഥിതിയിലേക്ക് അധഃപതിച്ചിരിക്കുകയാണ് എന്നു കാണാം. അതുകൊണ്ട് ഈ മേഖലയിൽ ഞാൻ പറഞ്ഞതുപോലെ തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങളിൽ അനേകം പുതിയ കോഴ്സുകൾ, ഇന്നത്തെ കോമ്പറ്റിറ്റീവ് ആയ സാഹചര്യത്തിൽ ഐ.ടി.ഐ. മേഖലയിലടക്കം വിവര സാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ ഉൾപ്പെടുത്തി കൊണ്ട് അനേകം പുതിയ കോഴ്സുകൾ ആരംഭിച്ചിരിക്കുകയാണ്. ഏറ്റവും ഒടുവിൽ തമിഴ്നാട്ടിൽ വിഷ്വൽ മീഡിയയെക്കുറിച്ചുള്ള ഒരു കോഴ്സ്

10.00 AM]

തുടങ്ങുന്നുണ്ട്. അവർ ആ മേഖലയിലേക്ക് മാറുമ്പോൾ നാം ഇവിടെ ഇന്നും വളരെ പഴഞ്ചനായ, യാതൊരു ഉപയോഗവും ഇല്ലാത്ത ബേസിക് ട്രെയിനിംഗ് കോഴ്സുകളാണ് ഇന്നും പല ഐ.ടി.ഐ.കളിലും ഐ.ടി.സി.കളിലും നടത്തുന്നത്. ഇതേക്കുറിച്ച് പരിശോധിച്ചാൽ ഇൻഡസ്ട്രി- ഓറിയന്റഡായ കോഴ്സുകളാണ് നാം പണ്ട് 1950-ൽ തുടങ്ങിയതെങ്കിൽ ഇന്ന് ഇൻഡസ്ട്രിക്ക് വലിയ ഡെവലപ്പ്മെന്റ് കേരളത്തിൽ വന്നിട്ടില്ല. അതുകൊണ്ട് ഈ മേഖലയിൽ നിന്ന് വ്യത്യസ്തമായ മേഖലയിലേയ്ക്ക് പോകാൻ നമുക്ക് സാധിക്കുന്നില്ല എന്നത് നിർഭാഗ്യകരമായ അവസ്ഥയാണ്. ഈ അടുത്ത കാലത്ത് മദ്രാസിൽ നിന്ന് ഒരു ഐ.ടി. കമ്പനി കേരളത്തിൽ നിന്ന് പ്രൊഫഷണൽസിനെ നിയമിക്കാൻവേണ്ടി ആപ്ളിക്കേഷൻസ് ക്ഷണിച്ചു. മൂവായിരത്തിൽപ്പരം ആപ്ളിക്കേഷൻസ് ലഭിച്ചു. 300 വേക്കൻസിയാണ് അന്നുണ്ടായിരുന്നത്. അവർക്ക് കോമ്പീറ്റന്റായിട്ട് കിട്ടിയത് 40 പേർ മാത്രം. ആ രീതിയിലേക്ക് കേരളത്തിലെ സാങ്കേതിക രംഗം അധഃപതിച്ചിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഓരോ ഐ.ടി.ഐ.-യിലും എന്തെല്ലാം കോഴ്സുകൾ വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. അത് മാറിയിട്ട് ഓരോ ഐ.ടി.ഐ.യും സെന്റർ ഓഫ് എക്സലൻസാക്കി മാറ്റാൻ ഇനിയെങ്കിലും ഗവൺമെന്റ് തയ്യാറാകുമോ ? കൊച്ചി ആസ്ഥാനമാക്കിയുള്ള ഒരു സ്വകാര്യ സ്പെയർ പാർട്ട്സ് കമ്പനി അവർ ഓട്ടോമൊബൈൽ എഞ്ചിനീയറിഗിനുവേണ്ടി പണ്ട് വർക്ക് ഷോപ്പുകളിൽനിന്ന് പഠിച്ച പണിയാണ് പഠിപ്പിക്കുന്നത്. 15,000 രൂപയാണ് ആറ് മാസ പഠനത്തിന് ഫീസ്. നമ്മൾ പണ്ട് ഇവിടെ ബദൽ സംവിധാനമൊന്നുമില്ലാതെ, ഒരു സ്പാനറും ഒരു സ്ക്രൂഡ്രൈവറുംവെച്ച് ഒരു മെക്കാനിക്കിന്റെ പുറകെ പോയി അവരിൽ നിന്ന് പഠിക്കുന്ന ഒരു സാഹചര്യമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ ആ ടെക്നോളജിയൊക്കെമാറിയെന്നത് വളരെ ഗൗരവത്തിൽ കണക്കിലെടുത്തു കൊണ്ട് കോഴ്സുകൾ ഇന്റർനാഷണൽ സ്റ്റാന്റേർഡിൽ എത്തിക്കുന്ന രീതിയിലുള്ള സംവിധാനമുണ്ടാക്കണം. അതിനുവേണ്ടി പണം മുടക്കാൻ ഗവൺമെന്റിന് കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. പക്ഷെ നമ്മുടെ മാൻപവർ റിക്വയർമെന്റ് സിന്റെ ഒരു സ്റ്റഡി നടത്തുകയാണെങ്കിൽ, വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഒരു ലക്ഷം പേർ പ്ളസ് ടു കഴിഞ്ഞ് ഇറങ്ങിയാൽ 30,000 പേർ എഞ്ചിനിയർമാരായി മാറുകയാണ്. ലോകത്തൊരിടത്തും ഈ അനുപാതമില്ല. അത് വേറെകാര്യം. അൺഎംപ്ളോയ്മെന്റ് മാറണമെങ്കിൽ ഇന്റർനാഷണൽ സ്റ്റാന്റേർഡ്സുള്ള സെന്റേഴ്സ് നമുക്ക് ഡെവലപ്പ് ചെയ്തെടുക്കണം. അതിന് ഇന്റർനാഷണൽ ഏജൻസിയെകിട്ടും. ഐ.ടി..ഐ.കളും ഐ.ടി.സി.കളും സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ള പൊളിറ്റിക്കൽ പാർട്ടിയുടെ ബ്രീഡിംഗ് ഗ്രൗണ്ട് അല്ലെങ്കിൽ ആന്റി സോഷ്യൽ എലിമെന്റ് സിന്റെ വളർത്തുകേന്ദ്രങ്ങളായി ഇനി അധഃപതിച്ചുകൂടാ. അതിന് മാന്യത നൽകികൊണ്ട് ഇപ്പോൾ ഓരോ മേഖലയും പരിശോധിച്ചുകഴിഞ്ഞാൽ, ആൾക്കാരെ ആവശ്യമുള്ളവരുണ്ട്. വിദേശത്തും ഇന്ത്യയ്ക്കകത്തുമുള്ള വൻകിട കമ്പനികൾക്ക് സ്കിൽഡ് ലേബറിനെ ആവശ്യമുണ്ട്. അവർ അതിനുവേണ്ടി പണം മുടക്കാൻ തയ്യാറാണ്. അങ്ങനെയുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട്.

മി. സ്പീക്കർ : ഞാനായതുകൊണ്ടല്ലെ.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഷിബു ബേബിജോൺ : സർ, ഇത് ഉൾക്കൊണ്ടുകൊണ്ടുള്ള നടപടികൾ അടിയന്തരമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവകരമായ ഒരു വിഷയമാണ് ഇന്ന് ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ചത്. നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും മുഖ്യമായ പ്രശ്നം തൊഴിലില്ലായ്മയാണ്. നമുക്ക് ഏറ്റവും വലിയ മാൻപവ്വറുണ്ട്. ഇപ്പോഴത്തെ പ്രശ്നം ഇതാണ്, എംപ്ലോയബിളായിട്ടുള്ള സ്കിൽ നമുക്ക് ഡെവലപ്പ് ചെയ്യാനായിട്ടില്ല. കുറെ ബി.എ., ബി.എസ്സി., എം.എസ്സി. ഡിഗ്രികളുമായി അനേകലക്ഷം ചെറുപ്പക്കാർ കേരളത്തിൽ തൊഴിലില്ലാതെ നിൽക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ഷിബു ബേബിജോൺ ചൂണ്ടിക്കാണിച്ചതുപോലെ പലപ്പോഴും ഒരു ജോലിക്ക് ആവശ്യമുള്ള ആളുകളെ കണ്ടെത്താൻ കഴിയുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അടുത്ത ദിവസം ഒരു കാർ കമ്പനി 300 പേരെ സെലക്ട് ചെയ്യുന്നതിനുവേണ്ടി കേരളത്തിലെ ഒരു ഐ.ടി.ഐ.യിൽ വന്ന് കാമ്പസ് ഇന്റർവ്യൂ നടത്തി. കഷ്ടിച്ച് 30 പേരെയാണ് അവർക്ക് സെലക്ട് ചെയ്യാൻപറ്റിയത്. ഐ.ടി.ഐ. (മോട്ടോർ മെക്കാനിക്) പാസായവരെയാണ് ഇന്റർവ്യൂ നടത്തിയത്. അവർ പറയുന്നത് they are not employable, ആ സ്കിൽ അവർക്ക് ഡെവലപ്പ് ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നാണ്. ഇത്രയും വലിയ ഹ്യൂമൺ റിസോഴ്സുള്ള നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ ഊന്നൽ നൽകേണ്ടത് എംപ്ലോയ്മെന്റ് സ്കിൽ ഡെവലപ്പ് ചെയ്യുകയെന്നതിനാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ അതിനിവിടെ നമുക്ക് ഒരുപാട് സ്ഥാപനങ്ങളുണ്ട്. അവിടെ കഴിഞ്ഞ വർഷംതന്നെ കുറെ കോഴ്സുകൾ, റീവാമ്പിംഗ് പ്രോഗ്രാം അനുസരിച്ച് പുതുതായി തുടങ്ങുന്നതിനുവേണ്ടി ഒരു ശ്രമം നടത്തി. പക്ഷേ, വിദ്യാർത്ഥികളും അദ്ധ്യാപകരും രക്ഷകർതൃസംഘടനകളും കൂട്ടായി അതിനെ എതിർത്ത് തോല്പിച്ചുയെന്നതാണ് വസ്തുത. ഈ അദ്ധ്യയന വർഷം സംസ്ഥാനത്തെ 9 ഐ.ടി.ഐ.കളിലായി 15 പുതിയ യൂണിറ്റുകൾ തുടങ്ങുകയാണ്. ആധുനികമായ 36 ട്രെയ്ഡുകൾ ഇൻട്രൊഡ്യൂസ് ചെയ്യാനാണ് പോകുന്നത്. മെക്കാനിക്കൽ, കമ്പ്യൂട്ടർ ഹാർഡ് വെയർ, മെക്കാനിക്കൽ, കൺസ്യൂമർ ഇലക്ട്രോണിക്സ്, മെക്കാനിക്കൽ ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ്, ഹോസ്പിറ്റൽ ഇലക്ട്രോണിക്സ് എന്നീ പുതിയ കോഴ്സുകളാണ് ഉൾപ്പെടുത്തുന്നത്. ഇതിലെല്ലാം അദ്ധ്യാപകരെ നിയമിച്ച് പുതിയ കോഴ്സുകൾ തുടങ്ങുകയെന്നു പറഞ്ഞാൽ അതിന് സാമ്പത്തികമായി വലിയ ഒരു ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കേണ്ടിവരും. പക്ഷേ, ഐ.ടി.ഐ.കളിൽ നിലനിൽക്കുന്ന കോഴ്സുകൾ മാറ്റി പുതിയ കോഴ്സുകൾ കൊണ്ടുവരാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. പക്ഷേ, അവിടെ ശക്തമായ റസിസ്റ്റൻസാണ്. അത് ഞാൻ എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ശക്തമായ റസിസ്റ്റൻസാണ് ഇതിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പക്ഷേ അത് നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിയെസംബന്ധിച്ചിടത്തോളം വളരെ കൂടുതൽ ആശങ്ക ഉളവാക്കുന്ന കാര്യമാണ്. ആവശ്യമുള്ള സ്കിൽ ഡെവലപ്പ്ചെയ്താൽ ലോകത്ത് എവിടെയുമുള്ള തൊഴിലവസരങ്ങൾ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് നമുക്ക് ഈ ഹ്യൂമൺ റിസോഴ്സിനെ

മാറ്റിയെടുക്കാൻ കഴിഞ്ഞാൽ അത് ഏറ്റവും വലിയ സമ്പത്താണ്. ഈ നാടിന് ഏറ്റവും വലിയ സമ്പത്താണ് ഹ്യൂമൺ റിസോഴ്സസ്സ്. അത് ഉപയോഗിക്കാൻ സാധിക്കുന്നവിധം സ്കിൽ ഡെവലപ്പ് ചെയ്യാനുള്ള ഒരു ആസൂത്രിതമായ ശ്രമം ഗവൺമെന്റ് ആരംഭിക്കുകയാണ്. എല്ലാവിഭാഗം ജനങ്ങളുടെയും പിന്തുണയുണ്ടെങ്കിൽ മാത്രമേ ഇതിന് കഴിയുകയുള്ളൂ. പൊളിറ്റിക്കലായിതന്നെ ഇതിനെ ശക്തമായി എതിർക്കുന്ന ദുഃഖകരമായ ഒരവസ്ഥയാണ് ഇപ്പോൾ കണ്ടുവരുന്നത്. ബഹുമാനപ്പെട്ട ഷിബു ബേബിജോൺ ഇവിടെ ചൂണ്ടി കാണിച്ചതുപോലെ ഇത് സംസ്ഥാനത്തിന്റെ ഏറ്റവും സുപ്രധാനമായ മേഖലയാണ്. ഈ മേഖലയിൽ മാറ്റം വരുത്തുക എന്നത് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റ് മാത്രം വിചാരിച്ചാൽ നടക്കുന്നതല്ല. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റും അതുപോലെതന്നെ വ്യവസായവകുപ്പും യൂണിവേഴ്സിറ്റികളും എല്ലാംകൂടി ചേർന്ന് കാലോചിതമായ സ്കിൽ ഡെവലപ്പ്മെന്റിന് ആവശ്യത്തിനുള്ള സിലബസുകൾ ഇൻട്രോഡ്യൂസ് ചെയ്തുകൊണ്ട് കരിക്കുലത്തിൽ ആവശ്യമായ മാറ്റം വരുത്തിക്കൊണ്ട് പുതിയ കോഴ്സുകൾ ഏർപ്പെടുത്തണം. ഏറ്റവും അനുയോജ്യമായ ഏത് സ്കില്ലാണോ ആ സ്കിൽ ഡെവലപ്പ്മെന്റിന് ഊന്നൽ കൊടുക്കാൻ കഴിയുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായവും അതനുസരിച്ചുള്ള ഒരു ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സംവിധാനവും കെട്ടിപ്പടുത്താൽ മാത്രമേ ഇന്നു കാണുന്ന ഈ ദുരവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയൂ. അതിന് എല്ലാവരുടെയും പിന്തുണയും സഹകരണവും ഉണ്ടാകണം. അതിനാവശ്യമായ ശക്തമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകും.

ശ്രീ. ഷിബു ബേബിജോൺ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഇപ്പോഴത്തെ ദുസ്ഥിതി എന്നത് ഏത് പുതിയ കോഴ്സ് കൊടുത്താലും അതിനുള്ള ഇൻസ്ട്രക്ഷൻ നൽകാൻ പ്രാപ്തരായിട്ടുള്ളവർ പലയിടത്തുമില്ല എന്ന്. അതുകൊണ്ടാണ് സെന്റേഴ്സ് ഓഫ് എക്സലൻസിന് പ്രാധാന്യം കൊടുക്കേണ്ടത്. പഴയ മന്ത്രിസഭയുടെ കാലഘട്ടത്തിൽ അന്നത്തെ മന്ത്രി ശ്രീ. വി. പി. രാമകൃഷ്ണപിള്ള ഈ സഭയിൽ...വറയിലെ പ്രിമോ പൈപ്പ് ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലത്ത്, ഒരു ലേബർ ഇൻസ്റ്റിറ്റ്യൂഷൻ-സെന്റർ ഓഫ് എക്സലൻസ് തുടങ്ങുമെന്ന് പ്രഖ്യാപിച്ചതാണ്. ആ പ്രഖ്യാപനം നടപ്പിലാക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, ഒരു എഞ്ചിനീയറിംഗ് കോളജ് എന്നുള്ള നിലയിലാണ് അതിന്റെ പ്രപ്പോസൽ വന്നത്. ഇവിടെ പറഞ്ഞത് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിലാണ് ഇത് വളരെ സജീവമായി പരിഗണനയിലുള്ള ഒരു വിഷയമാണ്. ബിൽഡിംഗ് ടെക്നോളജി, അത് മേസൺറി മുതൽ ഇന്റീരിയർ ഡെക്കറേഷൻവരെയുള്ള എല്ലാ ആസ്പെക്ട്സും കാർപ്പെൻഡറിയും വരുന്നുണ്ട്. ബിൽഡിംഗ് ടെക്നോളജിയുമായി ബന്ധപ്പെട്ടുവരുന്ന മുഴുവൻ സ്കില്ലും ഡെവലപ്പ് ചെയ്യുന്നതിനാവശ്യമായ ഒരു ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെതന്നെ പണം ഉപയോഗിച്ചുകൊണ്ട് ആരംഭിക്കുന്നുണ്ട്. അതിന് പ്രിമോ പൈപ്പ് ഫാക്ടറിയുടെ സ്ഥലം ലഭ്യമാകുമെങ്കിൽ അവിടെ തുടങ്ങുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly